# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി9/1796/22.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 22/02/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസി.ഡെവലപ്മെന്റ് കമ്മീഷണർ,ഗ്രാമവികസന വകുപ്പ്,ഇടുക്കി
3)കാര്യാലയ കുറിപ്പ്

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി9/1796/22. തീയ്യതി: 22/02/2023

## ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 29-12-2021 മുതൽ 03-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു സി.ജോർജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 28-11-2022 | 03-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 28-11-2022 | 03-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ. രാജീവ് എം. എസ്., ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യു കെ.ജോൺ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഭാഗ്യരാജ് കെ.ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ദീപ റ്റി.ആർ | അസി.എക്സി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീദേവി.കെ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഡീന എബ്രാഹാം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 17-10-2021 |
| ശ്രീമതി.നിഷ മാമൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 18-10-2021 | 31-03-2022 |
| ശ്രീ.സുധീഷ് എം.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിന്ധു പി.കെ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 14-04-2021 |
| ശ്രീ.രാജീവ് വി.എസ് | വ്യവസായ വികസന ഓഫീസർ | 15-04-2021 | 31-03-2022 |
| ശ്രീമതി.ആനിയമ്മ ഫ്രാൻസിസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. റ്റി. എൻ. സതീഷ് | പട്ടിക വർഗ്ഗ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. അജയകുമാർ കെ.സി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അൻസൽ നബി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | തൊഴിലുറപ്പ് പദ്ധതി | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പെൻഷൻ | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 10 | കെട്ടിട വാടക - കുടിശ്ശിക പിരിച്ചെടുത്തില്ല | 1-10 |
| 11 | തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ദേശസാത്കൃത ബാങ്ക് അക്കൗണ്ട് നിലവിലില്ല | 1-11 |
| 12 | വിതരണ രേഖകൾ ഹാജരാക്കിയില്ല | 1-12 |
| 13 | സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-13 |
| 14 | സാക്ഷരതാ മിഷൻ - പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-14 |
| 15 | കാലിത്തീറ്റ വിതരണം - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 16 | റിടെൻഷൻ തുക നല്കുന്നതിന് മാത്രമായി സ്പിൽ ഓവർ പ്രോജക്ടുകൾ ഏറ്റെടുക്കുന്നു | 1-16 |
| 17 | തനത് ഫണ്ട് പ്രോജക്ടുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-17 |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-18 |
| 19 | പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിച്ച തുകയിൽ ചെലവഴിക്കാത്തത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-19 |
| | ഭാഗം 2 | |
| 1 | കെട്ടിട വാടക പിരിച്ചെടുത്തില്ല - നഷ്ടം - ₹22,550/- | 2-1 |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾ | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

തൻവർഷത്തെ ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 1/17-02-2021 |
| ബജറ്റ് അവതരിപ്പിച്ച തീയതി | 18-02-2021 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/തീയതി | I/18-02-2021 |
| ബജറ്റ് പുതുക്കിയ തീരുമാനം/തീയതി | 1/17-03-2022 |
| ബജറ്റ് സംക്ഷിപ്തം (പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ) | |
| പ്രതീക്ഷിത വരവ് | ₹280022134 |
| പ്രതീക്ഷിത ചെലവ് | ₹269456084 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 21.07.2022 | -- | -- |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 20566000 | 0 | 20566000 | 20239200 | 0 | 326800 |
| എസ്.സി.പി | 0 | 5211000 | 0 | 5211000 | 5211000 | 0 | 0 |
| റ്റി.എസ്.പി | 0 | 4597000 | 0 | 4597000 | 4597000 | 0 | 0 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് TIED | 0 | 8178701 | 0 | 8178701 | 7022802 | | 1155899 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് UNTIED | 0 | 4105557 | 0 | 4105557 | 3339653 | | 765904 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 | 0 |
| നോൺ റോഡ് | 0 | 6836741 | 0 | 6836741 | 4739250 | | 2097491 |
| ഐ.എ.വൈ | 583162 | 0 | 0 | 583162 | 233881 | 0 | 349281 |
| ടോട്ടൽ സാനിറ്റേഷൻ | 231355 | 0 | 5550 | 236905 | 102153 | 0 | 134752 |
| 320300199 Training Fund+ST Corpus Fund | 114483 | 0 | 33180 | 147663 | 136198 | | 11465 |
| 320700403 IAY GP | 0 | 0 | 1461149 | 1461149 | 450000 | 0 | 1011149 |

| | | | | | | | |
|---|---|---|---|---|---|---|---|
| SHARE | | | | | | | |
| കോവിഡ് | 152719 | 0 | 0 | 152719 | 26231 | 0 | 126488 |
| 320100299 EPIP TRAINING | 0 | 0 | 6456 | 6456 | 6456 | 0 | 0 |
| സാക്ഷരത | 5747 | 0 | 0 | 5747 | 5747 | 0 | 0 |

## 1-4 തൊഴിലുറപ്പ് പദ്ധതി

– ബാധകമല്ല –

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 121 | 58274994 | 102 | 46666521 | 0 | 19 | 84.29 |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | ചെലവ് ₹ | ശതമാനം |
|---|---|---|---|---|---|
| 1. | സെക്രട്ടറി | 43 | 36 | 171141255 | 83.72 |
| 2. | അസി. എൻജിനീയർ | 58 | 46 | 16559023 | 79.31 |
| 3. | വെറ്ററിനറി സർജൻ | 7 | 7 | 5843429 | 100 |
| 4. | അസി. ഡയറക്ടർ (കൃഷി) | 1 | 1 | 1200000 | 100 |
| 5. | സി. ഡി. പി. ഒ. | 2 | 2 | 2321773 | 100 |
| 6. | എം. ഒ, സി.എച്ച്.സി. | 6 | 6 | 1938191 | 100 |
| 7. | വ്യവസായ വികസന ഓഫീസർ | 2 | 2 | 200000 | 100 |
| 8. | പട്ടികജാതി വികസന ഓഫീസർ | 1 | 1 | 760000 | 100 |
| 9. | പട്ടിക വർഗ്ഗ വികസന ഓഫീസർ | 1 | 1 | 729850 | 100 |

## 1-6 ക്ഷേമ പെൻഷൻ

– ബാധകമല്ല –

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.12.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി ചുമതലകൾ ഏൽപ്പിച്ച് നൽകിയിട്ടുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം

ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധചെലത്തുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും കൃത്യമായി നടത്തുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളുടെ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല.

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

1-9 വാർഷിക കണക്കിലെ അപാകതകൾ

1) സാക്ഷരത അക്കൗണ്ടിൽ 31.03.2022ൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് തുക ₹6,150.99 ബാങ്ക് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിന്ന് പിൻവലിച്ചു. പ്രസ്തുത തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. വാർഷിക കണക്കിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുമില്ല.

2) Union Bank Account (4995)-ൽ 23-07-2010ൽ ലഭിച്ച 10 ലക്ഷം രൂപയിൽ (നിർമ്മൽ പുരസ്കാരം) ₹1,58,869/- നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. മേൽ തുക നീക്കിയിരിപ്പ് Liability Head-ൽ ചേർത്തിട്ടില്ല.

3) ബാലൻസ് ഷീറ്റ് ബി-11ൽ 411300101, 411320101, 411330101 എന്നീ ഹെഡുകളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടാത്തവയ്ക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

4) സ്റ്റെയിൽ ചെക്ക് തുക ക്രമീകരിക്കാതെ ബാധ്യതയിൽ സൂക്ഷിച്ചിരിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് B-9 പത്രികയിൽ (350800101) - Liability In Respect Of Stale

Cheques എന്ന ശീർഷകത്തിൽ ₹1,25,100/- രേഖപ്പെടുത്തിയിട്ടുണ്ട്. കാലാവധി കഴിഞ്ഞ ചെക്ക് പ്രകാരമുള്ള തുക ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി തനതുഫണ്ടിൽ വരവ് വെച്ചിട്ടില്ല.

5) CFC ഗ്രാന്റുകളുടെ വരവ് ചെലവ് നീക്കിയിരിപ്പ് സംബന്ധിച്ച്

വാർഷിക കണക്ക് പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ വരവ് ചെലവ് നീക്കിയിരിപ്പുകളും ഗ്രാന്റ് പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല, കാരണം E-Gramswaraj Accountൽ ലഭ്യമായ തുകയുടെ വരവ് ചെലവ് നീക്കിയിരിപ്പ് വിശദാംശങ്ങളാണ് വാർഷിക കണക്കിൽ ചേർത്തിരിക്കുന്നത്.

വാർഷിക കണക്കുകൾ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | TIED | UNTIED (E-gramswaraj Account പ്രകാരം) |
|---|---|---|
| വരവ് | ₹5744000/-<br>(E-അക്കൗണ്ടിൽ ലഭ്യമായ തുക)-RP-31 | ₹3829000/-<br>(E-അക്കൗണ്ടിൽ ലഭ്യമായ തുക)<br>+ (5822, 18533, 28187 Interest)<br>RP-31 |
| ചെലവ് | 4958648(I-6) | 3208530(I-6) |
| നീക്കിയിരിപ്പ് | 785352(B-4) | 673012(B-4) |

6) ഡെപ്പോസിറ്റ് വർക്കിനായി ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് നൽകിയ ₹8,56,008/- ബി-18 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

8) പാർട്ട് ബില്ലുകൾ പ്രകാരം നൽകിയ തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല.

1-10 കെട്ടിട വാടക - കുടിശ്ശിക പിരിച്ചെടുത്തില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ കടമുറികൾ വാടകയ്ക്ക് നൽകിയതിൽ വാടക കുടിശ്ശികയായിട്ടുണ്ട്. ഈയിനത്തിൽ മുൻവർഷ കുടിശ്ശികയുൾപ്പെടെ ₹22,550/-ന്റെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക നഷ്ടോത്തരവാദിയിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 2-1ൽ ചേർത്തിട്ടുണ്ട്.

1-11 തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ദേശസാത്കൃത ബാങ്ക് അക്കൗണ്ട് നിലവിലില്ല

ബ്ലോക്ക് പഞ്ചായത്തിൽ ലഭിക്കുന്ന വിവിധ തനത് ഫണ്ട് വരവ് തുകകൾ തൊടുപുഴയിലുള്ള ട്രഷറി തനത് ഫണ്ട് അക്കൗണ്ടിലാണ് ഒടുക്കുന്നത്. ഫ്രണ്ട് ഓഫീസിൽ പിരിച്ചെടുക്കുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം ട്രഷറിയിൽ ഒടുക്കാറില്ല. ട്രഷറി തൊടുപുഴയിൽ ആയതിനാൽ ദൂരക്കൂടുതൽ മൂലം

ആഴ്ചയിൽ ഒരു തവണ എന്ന രീതിയിലാണ് തുക അടവാക്കുന്നത്. വാടക പോലുള്ള വരവുകൾ ഫ്രണ്ട് ഓഫീസ് ചുമതലയുള്ള ഉദ്യോഗസ്ഥൻ കൈപ്പറ്റി തുക കൈവശംവെച്ച ശേഷം ട്രഷറിയിൽ ഒടുക്കുന്ന തീയതിയിൽ ഫ്രണ്ട് ഓഫീസ് കളക്ഷനായി രേഖപ്പെടുത്തുകയാണ് പതിവ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 3 അനുസരിച്ച് പഞ്ചായത്ത് ഫണ്ട് ട്രഷറി/സഹകരണ ബാങ്ക്/ദേശസാത്കൃത ബാങ്ക് എന്നിവിടങ്ങളിൽ സൂക്ഷിക്കാവുന്നതാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 7(2) അനുസരിച്ച്, അതത് ദിവസം ലഭിക്കുന്ന പിരിവ് തുകകൾ തൊട്ടടുത്ത ദിവസംതന്നെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ട്. പണം കൈവശം സൂക്ഷിക്കുന്നത് വഴി സംഭവിക്കാവുന്ന ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും അക്കൗണ്ടിംഗ് സംവിധാനത്തിലെ സുതാര്യത ഉറപ്പാക്കുന്നതിനുമായി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന് സമീപമുള്ള ദേശസാത്കൃത ബാങ്കിൽ തനത് ഫണ്ട് ഒടുക്കുന്നതിന് ഒരു അക്കൗണ്ട് ആരംഭിക്കുന്നത് അഭികാമ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വിതരണ രേഖകൾ ഹാജരാക്കിയില്ല

ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തിയിരുന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതിക്ക് വേണ്ടി ജെം മുഖേന ഓർഡർ നൽകിയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ PSYBORG TECHNOLOGY എന്ന സ്ഥാപനത്തിൽ നിന്നും ₹1,100/- നിരക്കിൽ 300 എണ്ണം പൾസ് ഓക്സിമീറ്റർ വാങ്ങിയിരുന്നു. ബ്ലോക്കിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലുള്ള പി.എച്ച്.സി-കൾക്കും ബ്ലോക്ക് തല ജാഗ്രത സമിതികൾക്കും സി.ച്ച്.സി-കൾക്കും നൽകുന്നതിനുമായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ 211 എണ്ണം വിതരണം നടത്തിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള 89 എണ്ണം വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-13 സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് 2021-22 വർഷം ലീഗൽ ഫീസായി ₹10,000/- ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ച സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

സ്യൂട്ട് രജിസ്റ്ററിലെ പല പേജുകളും അപൂർണ്ണമാണ്. പരാതിക്കാരന്റെ പേരും കേസ് നമ്പറും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കേസ് എന്തിനു വേണ്ടിയാണ് നൽകിയിരിക്കുന്നത്, ഏത് കോടതിയിലാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത്, കേസ് തീർപ്പായോ, കേസിന്റെ വിചാരണ തീയതികൾ, വിധിയുടെ

വിശദാംശങ്ങൾ, വക്കീലിന് നൽകിയ ഫീസ് വിവരങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്യൂട്ട് രജിസ്റ്റർ മേൽ സൂചിപ്പിച്ച പ്രകാരം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-14 സാക്ഷരതാ മിഷൻ - പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|
| 21100563009400384147/07.09.21 | 59250 |
| പ്രോജക്ടിന്റെ പേര് | സാക്ഷരതാ മിഷൻ തുല്യത കോഴ്സിനുള്ള ഫീസ് അടയ്ക്കൽ |

സാക്ഷരതാ മിഷൻ തുല്യത കോഴ്സിനുള്ള ഫീസ് അടയ്ക്കുന്നതിനായി മേൽ സൂചിത ബിൽ പ്രകാരം ₹59,250/- തുല്യതാ പഠനം 5 പേർക്കും,11 ക്ലാസ് തുല്യതാ പഠനത്തിന് 22 പേർക്കുമായി ഇടുക്കി ജില്ലാ സാക്ഷരതാ മിഷന്റെ റിക്വിസിഷൻ പ്രകാരം മിഷൻ ഡയറക്ടറുടെ അക്കൌണ്ടിലേക്ക് തുക അയച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടി കോഴ്സുകൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത ₹59,250/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 കാലിത്തീറ്റ വിതരണം - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

തൻവർഷം ക്ഷീരവികസന ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹18,32,280/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി നം. | 158/21-22 |
| പദ്ധതി | പട്ടികജാതി വനിതകളുടെ കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം |
| | BRN 21100563009500900018/10-01-2022/261080 |

| ക്ഷീര സംഘത്തിന്റെ പേര് | നല്കിയ തുക ₹ |
|---|---|
| മുള്ളരിങ്ങാട് ആപ്കോസ് | 78324 |
| വണ്ണപ്പുറം ആപ്കോസ് | 13054 |
| പട്ടയക്കുടി ആപ്കോസ് | 26108 |
| ആൽക്കല്ല് KUCS | 39162 |
| തട്ടക്കുഴ | 6527 |
| മഞ്ചിക്കല്ല് | 19581 |
| പൂമാല | 13054 |
| ഏഴുമുട്ടം | 32635 |
| തൊമ്മൻകുത്ത് | 32635 |

| | |
|---|---|
| ആകെ | 261080 |

| | |
|---|---|
| പദ്ധതി നം. | 57/21-22 |
| പദ്ധതി | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം |
| | BRN 21100563009500585370/29-10-21/₹910400/- |
| | BRN21100563009500915433/10-01-22/₹38400/- |
| | BRN21100563009500585855/29-10-21/₹622400/- |

| ക്ഷീര സംഘത്തിന്റെ പേര് | തുക ₹ |
|---|---|
| മുള്ളരിങ്ങാട് ആപ്കോസ് | 101600 |
| വണ്ണപ്പുറം ആപ്കോസ് | 48000 |
| പട്ടയക്കുടി | 98400 |
| പരിയാരം | 44000 |
| ആൽക്കല്ല് | 36800 |
| തട്ടക്കുഴ | 36000 |
| മഞ്ചിക്കല്ല് | 112000 |
| പൂമാല | 88800 |
| ഏഴുമുട്ടം | 65600 |
| തൊമ്മൻകുത്ത് | 156000 |
| കൈപ്പകവല | 43200 |
| കടയത്തൂർ West | 80000 |
| ആകെ | 910400 |

| ക്ഷീര സംഘത്തിന്റെ പേര് | തുക ₹ |
|---|---|
| പെരിങ്ങാശ്ശേരി | 25600 |
| ചെപ്പുകുളം | 32000 |
| അമയപ്ര | 35200 |
| കോടിക്കുളം | 88000 |
| കോടിക്കുളം West | 76000 |
| തെന്നത്തൂർ | 69600 |
| കലയന്താനി | 32000 |
| ഇഞ്ചിയാനി | 28000 |
| കൊന്താലപള്ളി | 26400 |
| വെള്ളിയാമറ്റം | 36000 |
| വെട്ടിമറ്റം | 33600 |
| കരിമണ്ണൂർ | 69600 |
| നെയ്യശ്ശേരി | 70400 |
| ആകെ | 622400 |

| ക്ഷീര സംഘത്തിന്റെ പേര് | തുക ₹ |
|---|---|
| കൈപ്പകവല | 13600 |
| കടയത്തൂർ West | 24800 |

| | |
|---|---|
| ആകെ | 38400 |

1-16 റിടെൻഷൻ തുക നല്കുന്നതിന് മാത്രമായി സ്പിൽ ഓവർ പ്രോജക്ടുകൾ ഏറ്റെടുക്കുന്നു

വർഷാന്ത്യത്തിൽ തയ്യാറാക്കുന്ന പ്രവൃത്തി ബില്ലുകളിൽ റിടെൻഷൻ തുകകൾ കുറവ് ചെയ്യേണ്ട സാഹചര്യത്തിൽ ഇത് കുറച്ച് അറ്റ തുകയ്ക്ക് മാത്രം ബിൽ തയ്യാറാക്കുന്നതിനാൽ ടി വർഷം പദ്ധതിച്ചെലവ് കുറയുന്നതിനും പിന്നീട് ഈ തുക നല്കുന്നതിനായി അടുത്ത വർഷം സ്പിൽ ഓവറായി പദ്ധതി ഏറ്റെടുക്കേണ്ടി വരുകയും അതിനായി വീണ്ടും ഫണ്ട് കണ്ടെത്തേണ്ടി വരുകയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി നം./പേര് | 2021-22 റിടെൻഷൻ തുക ₹ | 2022-23 സ്പിൽ ഓവർ പദ്ധതി അടങ്കൽ/ ചെലവ് ₹ |
|---|---|---|
| 116/22<br>ഇളംദേശം സി.എച്ച്.സി. മെയിന്റനൻസ് | 9184 | 9184 |
| 54/22<br>ഇളംദേശം കൃഷി അസി. ഡയറക്ടർ ഓഫീസ് പുനരുദ്ധാരണം | 21558 | 21558 |
| 55/22<br>സി.ഡി.പി.ഒ., ഡയറി എക്സ്റ്റൻഷൻ ഓഫീസുകളിൽ അടിസ്ഥാന സൗകര്യ വികസനം | 24445 | 24445 |

ഈ സാഹചര്യം ഒഴിവാക്കുന്നതിനായി ആകെ തുകയ്ക്ക് ബിൽ തയ്യാറാക്കുന്നതിനും റിടെൻഷൻ തുക ബില്ലിൽ കുറവ് ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-17 തനത് ഫണ്ട് പ്രോജക്ടുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

| പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| ഇളംദേശം ബ്ലോക്ക് എൽ.എസ്.ജി.ഡി. ഓഫീസിലേക്ക് വാഹനം ലീസിന് എടുക്കൽ | 170366 |
| തെന്നത്തൂർ -ബംഗ്ലാവ് റോഡ്പടി പുനരുദ്ധാരണം | 149755 |
| ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കൽ | 180000 |
| ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ തെങ്ങിൻ തൈ നേഴ്സറി സ്ഥാപിക്കൽ | 395000 |
| കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 70800 |
| ആകെ | 965921 |

മേൽ പ്രോജക്ടുകൾ പ്രകാരം തൻവർഷം ₹7,85,921/- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. അക്കൗണ്ടിംഗ് നടത്താതിരുന്നതിനാൽ മേൽ തുക സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വാർഷിക പദ്ധതി കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ഈ അപാകത മൂലം പദ്ധതി ചെലവ് കണക്കുകളിൽ ഗണ്യമായ കുറവാണ് സംഭവിച്ചിട്ടുള്ളത്. പ്രസ്തുത അപാകത പരിഹരിച്ച് കണക്കുകൾ കൃത്യമാക്കാൻ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

1-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകളിലേക്ക് ബ്ലോക്ക്പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിന്റെ പേര്, തുക ₹ | | ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|---|---|---|
| പാലിയേറ്റീവ് പരിചരണം | കോടിക്കുളം<br>വെള്ളിയാമറ്റം | 19800<br>100000 | 21100563009400698390/24.11.21 | 119800 |
| | കുടയത്തൂർ | 77000 | 21100563009400834023/23.12.21 | 77000 |
| | കോടിക്കുളം | 150000 | 211005630094006935037/31.01.22 | 150000 |
| | വണ്ണപ്പുറം | - | 211005630094001114877/10.02.22 | 85456 |
| വനിതകൾക്ക് മുട്ടക്കോഴി വിതരണം | കോടിക്കുളം<br>കരിമണ്ണൂർ<br>വെള്ളിയാമറ്റം<br>ആലക്കോട്<br>കുടയത്തൂർ<br>വണ്ണപ്പുറം | 200000<br>57000<br>150000<br>180000<br>100000<br>241400 | 211005630094000.601817/03.11.21<br>21100563009400618974/20.11.21<br>21100563009400740530/03.12.21<br>21100563009400831118/23.12.21 | 200000<br>57000<br>330000<br>341000 |
| പട്ടികജാതി വിഭാഗങ്ങൾക്ക് പാലിയേറ്റീവ് പരിചരണം | വണ്ണപ്പുറം<br>വണ്ണപ്പുറം<br>കോടിക്കുളം<br>ഉടുമ്പന്നൂർ<br>ആലക്കോട് | 100000<br>39856<br>24573<br>40000<br>37221 | 2110056300940889671/05.01.2022<br>2110056300940115342/14.02.2022<br>21100563009400708756/26.11.2021 | 100000<br>39856<br>101794 |
| പാലിയേറ്റീവ് പരിചരണം (എസ്.റ്റി) | കരിമണ്ണൂർ<br>വണ്ണപ്പുറം | 30000<br>100000 | 21100563009400618977/08.11.2021<br>21100563009400889668/05.011.2022 | 30000<br>100000 |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ) | ആലക്കോട്<br>വെള്ളിയാമറ്റം | 267600<br>200000 | 21100563009400737965/31.12.2021<br>2110056300940078854/15.12.2021 | 267600<br>200000 |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി) | വെള്ളിയാമറ്റം | 166850 | 21100563009401114895/14.02.202 | 166850 |
| വനിതകൾക്ക് ആട് | കോടിക്കുളം | 150000 | 21100563009400601811/03.11.2021 | 150000 |

| | | | | |
|---|---|---|---|---|
| വളർത്തൽ | | | | |
| | കരിമണ്ണൂർ<br>വെള്ളിയാമറ്റം<br>ആലക്കോട് | 115000<br>200000<br>127500 | 21100563009400618967/08.11.2021<br>21100563009400708742/26.11.2021 | 115000<br>327500 |
| മെറ്റീരിയൽ കളക്ഷൻ സെന്റർ | വണ്ണപ്പുറം | 400000 | Xvf/2021-22/p/31 | 400000 |
| മെറ്റീരിയൽ കളക്ഷൻ സെന്റർ | കോടിക്കുളം | 370000 | Xvfc/2021-22/p/16 | 370000 |
| | | | ആകെ | 3728856 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹37,28,856/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-19 പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിച്ച തുകയിൽ ചെലവഴിക്കാത്തത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ബാലൻസ് ഷീറ്റ് ബി-9 പ്രകാരം Refund Of Unutilised Grant (Code No. 350300109) ഇനത്തിൽ ₹1,77,413/- ചേർത്തിട്ടുണ്ട്. Plan Fund-ൽ നിന്നും ഡെപ്പോസിറ്റ് വർക്കിനായി Ground Water, Water Authority വകുപ്പുകളിൽ നൽകിയ തുകയിൽചെലവഴിക്കാതെ തിരികെ വന്ന മേൽ തുക നിശ്ചിത ഹെഡിൽ ഒടുക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. തുക സർക്കാർ ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കെട്ടിട വാടക പിരിച്ചെടുത്തില്ല - നഷ്ടം - ₹22,550/-

1) വാടകയിൽ കുടിശ്ശിക

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങളുടെ വാടകയിൽ കുടിശ്ശികയുണ്ട്.

| ക്രമ നം. | സ്ഥാപനം/കെട്ടിട നം./ വാടകക്കാരന്റെ വിവരങ്ങൾ | പ്രതിമാസ വാടക | കുടിശ്ശിക | ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഫൈവ് സ്റ്റാർ ക്യാന്റീൻ, ആലക്കോട്, XIII/75<br>റോസിലി ബേബി, മരുതുംപാറക്കൽ, ചിലവ്<br>അമ്പിളി ബൈജു, പാലക്കാട്ടി, ചിലവ് | 1000 | മുൻവർഷം<br>തൻവർഷം<br>ഫെബ്രുവരി, മാർച്ച്-2022 | 0<br>2000 | കരാർ ഉണ്ട്. നിലവിൽ പ്രവർത്തി ക്കുന്നില്ല |

| | | | | | |
|---|---|---|---|---|---|
| 2 | വെള്ളാത്തോട്ടം റബ്ബേഴ്സ് VII/232G<br>മനീഷ ജോബി, വെള്ളാത്തോട്ടം, പൂമാല | 750 | മുൻവർഷം (9/20–3/21)<br>തൻവർഷം (4/21–3/22) | 5250<br>9000 | കരാർ ഇല്ല. തുടർ വർഷവും നൽകി. |
| 3 | ശിവശക്തി എസ്.സി -എസ്എച്ച് ജി, കരിമണ്ണൂർ V/221D<br>ഷൈലജഗോപി, പെരുംകുറ്റിയിൽ, കോട്ടക്കവല<br>സുഷമ സുനിൽ, ചിറകണ്ടത്തിൽ, കോട്ടക്കവല | 350 | മുൻവർഷം<br>തൻവർഷം 4/21 – 3/22 | 2100<br>4200 | 10/2020 – 3/2021 2022 ഫെബ്രുവരിക്ക് ശേഷം കരാർ പുതുക്കിയിട്ടില്ല |
| | | | ആകെ കുടിശ്ശിക | 22550 | |

കുടിശ്ശിക ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

2) ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടില്ല.

മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വാടകയ്ക്ക് നൽകാൻ നിർദ്ദേശിച്ചിരുന്ന താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങൾ നിലവിലും വാടകയ്ക്ക് നൽകിയിട്ടില്ല.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരം |
|---|---|
| 1 | ചക്കിക്കാവ് വനിതാ വിപണന കേന്ദ്രം |
| 2 | മിനി വ്യവസായ എസ്റ്റേറ്റ്, കാഞ്ഞാർ |
| 3 | മഹിളാ സമാജം, പൂമാല |
| 4 | എഴുപതേക്കർ വനിതാവിപണന കേന്ദ്രം, രണ്ടുപാലം |
| 5 | കുവക്കണ്ടം വർക്ക്ഷെഡ് |
| 6 | പ്രിയദർശിനി മഹിളാസമാജം കെട്ടിടം |
| 7 | കിഴക്കേ മേത്തൊട്ടി ആട് വളർത്തൽ കേന്ദ്രം |
| 8 | തടിയനാൽ മഹിളാ സമാജം |
| 9 | കമ്മ്യൂണിറ്റി ഹാൾ മുണ്ടൻമുടി |
| 10 | പടിഞ്ഞാറേ മേത്തൊട്ടി മഹിളാ സമാജം |
| 11 | മാളിയേക്കൽ കോളനി വനിതാ വിപണന കേന്ദ്രം |
| 12 | പള്ളിക്കവല വനിത സാംസ്കാരിക നിലയം |

ടി കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തി വാടകയ്ക്ക് നൽകേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്ടുകൾ

ഇല്ല

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | മലയൻ കോളനി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 13 ആലക്കോട് ഗ്രാമപഞ്ചായത്ത് പുനരുദ്ധാരണവും കുടിവെള്ള കണക്ഷൻ നൽകലും | XVFC/2021-22/ P/4/10.11.2021 | 300000 | 309376 | മുൻബാക്കി തുക കൂടി ഉപയോഗിച്ചു യു.സി. ലഭിച്ചിട്ടില്ല |
| കേരളാ വാട്ടർ അതോറിറ്റി | പാപ്പാ കോളനി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 10 ആലക്കോട് ഗ്രാമപഞ്ചായത്ത് - കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ | 2110563009401274448/ 08,03.22 | 500000 | 0 | യു.സി. ലഭിച്ചിട്ടില്ല |
| ഭൂജല വകുപ്പ് | കോഴിപ്പള്ളി ചെന്നാപ്പാറ കുടിവള്ള പദ്ധതി-കുഴൽ കിണർ നിർമ്മാണം | 151/03.12.2021 | 56008 | | യു.സി. ലഭിച്ചിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലോൺ അക്കൗണ്ടിന്റെ ബാലൻസ് ₹5,40,000/-യാണ്. എന്നാൽ ഐ.എ.വൈ ഭവനവായ്പയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2021ലെ ബാലൻസ് ₹7,78,051/-യാണെന്ന് കാണുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം ₹1,26,00,000/- തിരിച്ചടവ് ഉണ്ട്. ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ പലിശയിനത്തിലും മുതൽ ഇനത്തിലും ഉള്ള തിരിച്ചടവുകൾ വ്യക്തമല്ല. ലോൺ രജിസ്റ്റർ കാലികമാക്കി ലോണിന്റെ ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ഇത് സംബന്ധിച്ച മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശം ഉൾപ്പെടുത്തിയിരുന്നെങ്കിലും അപാകത പരിഹരിച്ചിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹35000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | ₹35,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹35,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.1302 തീയതി 17.11.2014 | 35,000 |
| ആകെ | 35,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹9,928/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തീയതി |
|---|---|---|---|---|
| 1999-2000 | 16 | 120 | ശ്രീ. ബെറ്റി ഫ്രാൻസിസ്, പ്രസിഡന്റ് | 121030100015 തീ.06.07.2021 |
| 1999-2000 | 16 | 120 | ശ്രീ. പി. കെ. ഗോപാലൻ, വൈസ് പ്രസിഡൻറ് | 121030100016 തീ.06.07.2021 |
| 1999-2000 | 16 | 120 | ശ്രീ. തോമസ് മാത്യു, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 121030100017 തീ.06.07.2021 |
| 1999-2000 | 16 | 120 | ശ്രീമതി. ആനീസ് ലൂക്കോസ്, സ്റ്റൻഡിംഗ് കമ്മിറ്റി ചെയർമാൻ | 121030100018 തീ.06.07.2021 |
| 1999-2000 | 16 | 64 | ശ്രീമതി. രേഖ സുദർശൻ, മുൻ മെമ്പർ | 121030100019 തീ.06.07.2021 |
| 1999-20000 | 16 | 64 | ശ്രീ. രതീഷ് ശങ്കർ, മെമ്പർ | 121030100020 തീ.06.07.2021 |
| 1999-2000 | 16 | 64 | ശ്രീ. ജോർജ് അഗസ്റ്റിൻ, മെമ്പർ | 121030100021 തീ.06.07.2021 |
| 1999-2000 | 16 | 96 | ശ്രീ. അഗസ്റ്റിൻ കല്ലിടുക്കിൽ | 121030100022 തീ.06.07.2021 |
| 1999-2000 | 27 | 897 | ശ്രീ. കെ. പി. ജഗദീശ് ചന്ദ്ര, സെക്രട്ടറി | 121030100023 തീ.06.07.2021 |
| 2000-2001 | 16 | 100 | ശ്രീ. ബെറ്റി ഫ്രാൻസിസ്, പ്രസിഡന്റ് | 121030100024 തീ.06.07.2021 |
| 2000-2001 | 19 | 30 | ശ്രീ. കെ. പി. ജഗദീശ് ചന്ദ്ര, സെക്രട്ടറി | 121030100025 തീ.06.07.2021 |
| 2000-2001 | 18(1) | 768 | ശ്രീ. കെ. പി. ജഗദീശ് ചന്ദ്ര, സെക്രട്ടറി | 121030100026 തീ.06.07.2021 |
| 2000-2001 | 18(1) | 18 | ശ്രീ. കെ. പി. ജഗദീശ് ചന്ദ്ര, സെക്രട്ടറി | 121030100060 തീ.06.07.2021 |
| 2000-2001 | 18(2,3) | 345 | ശ്രീ. പി. കെ. സനിൽ കുമാർ, സെക്രട്ടറി | 121030100027 തീ.06.07.2021 |
| 2000-2001 | 17 | 50 | ശ്രീ. പി. കെ. സനിൽ കുമാർ, സെക്രട്ടറി | 121030100028 തീ.06.07.2021 |
| 2000-2001 | 19 | 750 | ശ്രീ. സലിം, വ്യവസായ വികസന ഓഫീസർ | 121030100029 തീ.06.07.2021 |
| 2002-2003 | 3(2) | 264 | അഡ്വ. തോമസ് മാത്യു, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 121030100030 തീ.06.07.2021 |
| 2003-2004 | 3(2 | 1798 | ശ്രീ. സിബി ദാമോദരൻ, മെമ്പർ | 121030100031 തീ.06.07.2021 |
| 2003-2004 | 3(3) | 500 | ശ്രീ. പി. കെ. സനിൽ കുമാർ, സെക്രട്ടറി | 121030100032 തീ.06.07.2021 |

| | | | | |
|---|---|---|---|---|
| 2006-2007 | 3(3,4) | 740 | ശ്രീ. പി. കെ. സനിൽ കുമാർ,<br>സെക്രട്ടറി | 121030100033<br>തീ.06.07.2021 |
| 2006-2007 | 2(1) | 2400 | ചെയർമാൻ,<br>അൽ അസർ പബ്ലിക് സ്കൂൾ | 121030100034<br>തീ.06.07.2021 |
| 2006-2007 | 3(5) | 500 | ശ്രീ. റോബി സിറിയക്,<br>പ്രസിഡന്റ് | 121030100035<br>തീ.06.07.2021 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 7248881 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61270380 |
| ആകെ | 68519261 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹58849191 |
| നീക്കിയിരിപ്പ് | ₹9670070 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹22550 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹5561136 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1<br>(1-10) | 22550 | - | ശ്രീ. ഭാഗ്യരാജ് കെ. ആർ.<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1832280 | ശ്രീ. സുധീഷ് എം. പി,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-18 | 3728856 | ശ്രീ. ഭാഗ്യരാജ് കെ. ആർ,<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുധീഷ് എം. പി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | മൂഴിക്കൽ, വെങ്ങല്ലൂർ പി.ഒ, തൊടുപുഴ, ഇടുക്കി |
| ശ്രീ. ഭാഗ്യരാജ് കെ. ആർ, സെക്രട്ടറി | സെക്രട്ടറി ളാലം ബ്ലോക്ക് പഞ്ചായത്ത് | കളക്കൂട്ടുങ്കൽ, മൈലക്കൊമ്പ് പി.ഒ, തൊടുപുഴ, ഇടുക്കി |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അദാലത്തിന് ശേഷം അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 2000-01 | എൽ.എഫ്.ഐ-4/224/2015/ 07.04.2015 | 1 | 2-7 |
| 2003-04 | എൽ.എഫ്.ഐ-4/872/2007/ 09.10.2007-64/99/16.02.1999 | 1 | 3-8(1, 2) |
| 2007-08 | എൽ.എഫ്.ഐ-4/312/2012/ 10.05.2012- | 1 | 3-1 |
| 2009-10 | കെ.എസ്.എ -ഐഡികെ/10/ 1409/18/01.01.2018 - | 2 | 3-4,3-5 |
| 2010-11 | കെ.എസ്.എ -ഐഡികെ-10/1486/ 16/.05.12.2016 | 1 | 3-1 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-10/1549/ 17/06.11.2017 | 3 | 2-3, 3-1, 3-13 |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.10/115/ 19/23.03.2019 | 5 | 2-2, 3-1, 3-2, 3-4, 3-5 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ10/167/ 2020/19.03.2020 | 3 | 1-15, 1-16, 1-18 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-4/38/ 2022/08.02.2022 | 3 | 1-14, 1-15, 1-17 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-4/39/ 2022/08.02.2022 | 11 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 4-5 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്